മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഡിസംബർ 17

# വാർത്താക്കുറിപ്പ്

---

## ബയോടെക്നോളജി വ്യവസായ സംരംഭകത്വ പരിപാടി നാളെ മുതൽ

ജൈവശാസ്ത്ര ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്ക് സംരംഭകരായി മാറാൻ അവസരമൊരുക്കുന്ന ബയോ ടെക്നോളജി വ്യവസായ സംരംഭകത്വ പരിപാടി നാളെ(ഡിസംബർ 19) മഹാത്മാ ഗാന്ധി സർവകലാശായിൽ ആരംഭിക്കും. നാളെ രാവിലെ 10ന് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിൽ പ്രോ വൈസ് ചാന്സലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനംചെയ്യും.

ജൈവ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള ബയോ ടെക്നോളജി കമ്മീഷനും കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവയേൺമെൻറും എം.ജി. സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആൻറ് ഇൻകുബേഷൻ സെന്ററും(ബി.ഐ.ഐ.സി) സംയുക്തമായാണ് അഞ്ചു ദിവസത്തെ ശിൽപ്പശാല സംഘടിപ്പിക്കുന്നത്.

സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഇരുന്നൂറോളം വിദ്യാർഥികൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച് തിരഞ്ഞെടുക്കപ്പെട്ട 12 പേരെയാണ് അഞ്ചു ദിവസത്തെ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവരിൽ മികവു പുലർത്തുന്നവർക്ക് സംരംഭകരാകുന്നതിന് ഫെലോഷിപ്പ് നൽകും. അക്കാമിക്, വ്യവസായ മേഖലകളെ കോർത്തിണക്കുന്ന പരിപാടി ജൈവശാസ്ത്ര വിദ്യാർഥികൾക്ക് പുതിയ സാധ്യതകൾ തുറക്കുന്നതാണെന്ന് ബി.ഐ.ഐ.സി ഡയറക്ടർ ഡോ. ഇ.കെ. രാധാകൃഷ്ണൻ പറഞ്ഞു.

കഴിഞ്ഞ വർഷം ഇതേ പരിപാടിയിലൂടെ തിരഞ്ഞെടുക്കപ്പെട്ട അമൃത നായർ, എസ്. ശ്രീലക്ഷ്മി എന്നിവർ ഇപ്പോൾ ബി.ഐ.ഐ.സിയുടെ സഹകരണത്തോടെ സ്വതന്ത്ര സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തീകരിച്ചുവരികയാണ്.
(പി.ആർ.ഒ./39/1755 /2022)

## മിനിസ്റ്റീരിയൽ ജീവനക്കാർക്കായി ശിൽപ്പശാല നടത്തി

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത എയ്ഡഡ് കോളജുകളിലെ അനധ്യാപക ജീവനക്കാർക്കായി സർവകലാശാലയിൽ. ഏകദിന ശിൽപ്പശാല നടത്തി. അസംബ്ലി ഹാളിൽ സിൻഡിക്കേറ്റ് അംഗം പി. ഹരികൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്തു.

സിൻഡിക്കേറ്റ് ഫിനാൻസ് കമ്മിറ്റി കൺവീനർ ഡോ. ബിജു തോമസ് അധ്യക്ഷത വഹിച്ചു. രജിസ്ട്രാർ ബി. പ്രകാശ് കുമാർ, സെനറ്റ് അംഗം ജേക്കബ് സി. നൈനാൻ, പരീക്ഷാ കൺട്രോളർ സി.എം. ശ്രീജിത്ത്, കോളജ് ഡവലപ്മെൻറ്

കൗൺസില് ഡയറക്ടർ ഡോ. പി.ടി. ബാബുരാജ്, ജോയിൻറ് രജിസ്ട്രാർ ബാബുരാജ് വാര്യർ തുടങ്ങിയവർ പങ്കെടുത്തു.

കണ്ണൂർ സർവകലാശാലയിലെ സ്‌കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് റിസർച്ച് ഡയറക്ടർ ഡോ. അനിൽ രാമചന്ദ്രൻ വിഷയം അവതരിപ്പിച്ചു. സിൻഡിക്കേറ്റ് അംഗം ഡോ. ആർ. അനിത സമാപന സന്ദേശം നൽകി.

**ഫോട്ടോ ക്യാപ്ഷൻ...**

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത എയ്ഡഡ് കോളജുകളിലെ അനധ്യാപക ജീവനക്കാർക്കായി സർവകലാശാലാ അസംബ്ലി ഹാളിൽ സംഘടിപ്പിച്ച ശിൽപ്പശാല സിൻഡിക്കേറ്റ് അംഗം പി. ഹരികൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ./39/1756/2022)

## അനലിറ്റിക്കൽ ഇൻജിനീയർ; വാക്-ഇൻ-ഇൻറർവ്യൂ 20ന്

എം.ജി സർവകലാശാലയിലെ ഇൻറർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്‌സിറ്റി സെന്റർ ഫോര് നാനോ സയൻസ് ആന്റ് നാനോ ടെക്‌നോളജിയിൽ കരാർ അടിസ്ഥാനത്തിൽ അനലിറ്റിക്കൽ എൻജിനീയർ(ഹൈ റെസൊല്യൂഷൻ ട്രാൻസ്മിഷൻ ഇലക്ട്രോണ് മൈക്രോസ്‌കോപ്പ്) നിയമനത്തിനുള്ള വാക് –ഇൻ - ഇൻറർവ്യൂ ഡിസംബർ 20ന് നടക്കും.

ഒരൊഴിവാണുള്ളത്. ഇലക്ട്രോണിക്‌സ്, ഇലക്ട്രിക്കൽ, ഇൻസ്ട്രുമെന്റേഷൻ എന്നിവയുടെ ഏതെങ്കിലും ബ്രാഞ്ചിൽ ബി.ടെക്, അല്ലെങ്കിൽ നാനോ സയൻസിലോ നാനോ ടെക്‌നോളജിയിലോ എം.എസ്/എം.ടെക് യോഗ്യതയുള്ളവരെയാണ് പരിഗണിക്കുന്നത്.

തസ്തികയുമായി ബന്ധപ്പെട്ട മേഖലയിൽ മൂന്നു വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം. ഇലക്ട്രോൺ മൈക്രോസ്‌കോപ്പിയുമായി ബന്ധപ്പെട്ട് ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളവർക്ക് മുൻഗണന ലഭിക്കും.

പ്രായപരിധി 2022 ജനുവരി ഒന്നിന് 36 വയസ് കവിയരുത്. സംവരണ വിഭാഗങ്ങളിൽ പെട്ടവർക്ക് പ്രായപരിധിയിൽ നിയമാനുസൃത ഇളവ് ലഭിക്കും.

താത്പര്യമുള്ളവർക്ക് ഡിസംബർ 20ന് ഉച്ചകഴിഞ്ഞ് രണ്ടിന് വൈസ് ചാൻസലറുടെ ചേംബറിൽ നടക്കുന്ന വാക് -ഇന് - ഇന്റർവ്യൂവില് പങ്കെടുക്കാം. രേഖകളുടെ അസ്സലും കോപ്പികളും ഉൾപ്പെടെ ഉച്ചയ്ക്ക് 1.30ന് അഡ്മിനിസ്‌ട്രേറ്റീവ് ബ്ലോക്കിലെ അക്കാദമിക് ഹാളിൽ റിപ്പോർട്ട് ചെയ്യണം.

(പി.ആർ.ഒ./39/1757/2022)

## സ്‌പെഷ്യൽ ടീച്ചർ ; വാക്- ഇൻ- ഇൻറർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസിൽ സ്‌പെഷ്യൽ ടീച്ചർ തസ്തികയിൽ ദിവസ വേതന വ്യവസ്ഥയിൽ നിയമനത്തിനുള്ള വാക്ക് - ഇൻ- ഇൻറർവ്യൂ നാളെ(ഡിസംബർ 19) രാവിലെ 10.30ന് പ്രോ വൈസ് ചാൻസലറുടെ ചേംബറില് നടത്തും. 179 ദിവസത്തേക്കാണ് നിയമനം.

ദിവസ വേതനം 1050 രൂപ. പ്രീ ഡിഗ്രി അല്ലെങ്കിൽ തതുല്യ യോഗ്യതയും സ്‌പെഷ്യൽ എഡ്യുക്കേഷനിൽ അംഗീകൃത സ്ഥാപനത്തിൽ ഒരു വർഷത്തെ പരിശീലന പരിചയവും ഉണ്ടായിരിക്കണം.

മാനസിക,ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക വേണ്ടി അംഗീകൃത സ്ഥാപനത്തിൽ രണ്ടു വർഷത്തിൽ കുറയാതെ

ക്ലാസുകൾ നടത്തിയ പരിചയവും ഉണ്ടായിരിക്കണം.

പ്രായപരിധി 2022 ജനവരി ഒന്നിന് 36 വയസ് കവിയരുത്.  പട്ടിക ജാതി, പട്ടിക വർഗ, പിന്നോക്ക വിഭാഗക്കാർക്ക് പ്രായപരിധിയിൽ നിയമാനുസൃത ഇളവുകൾ ഉണ്ടായിരിക്കും.

ഓപ്പൺ വിഭാഗത്തിലും മുസ്ലിം വിഭാഗത്തിലും ഓരോ ഒഴിവുകൾ വീതമുണ്ട്. താൽപര്യമുള്ളവർ വെള്ളപേപ്പറിൽ എഴുതിയ അപേക്ഷയോടൊപ്പം പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, അധിക യോഗ്യത എന്നിവയുടെ അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം ഡിസംബർ 19 ന് രാവിലെ 10 ന് സർവകലാശാലാ അഡ്മിനിസ്ട്രേഷൻ ബ്ലോക്കിലെ എഡി. എ 5 സെക്ഷനിൽ ഹാജരാകണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.mgu.ac.in)
(പി.ആർ.ഒ./39/1758/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**